# കെഎസ്എഫ്ഇയെ ആക്ഷേപിക്കുന്ന ആഭ്യന്തരമന്ത്രിയുടെ നിലപാട് തിരുത്തണം

തിരു: കെഎസ്എഫ്ഇയെ പൊതുജനമധ്യത്തിൽ അധിക്ഷേപിച്ച സംസ്ഥാന ആഭ്യന്തരമന്ത്രിയുടെ നിലപാടിൽ കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) സംസ്ഥാന കമ്മിറ്റി പ്രതിഷേധിച്ചു.

1969 മുതൽ കേരളത്തിൽ സാധാരണക്കാരുടെ നിക്ഷേപങ്ങൾക്ക് സമ്പൂർണ സുരക്ഷിതത്വം നൽകുകയും സ്വകാര്യ ചിട്ടി തട്ടിപ്പുകാരിൽനിന്ന് ജനതയെ സംരക്ഷിച്ച് വരികയും ചെയ്യുന്ന കെഎസ്എഫ്ഇയെ തകർക്കാനാണ് ശ്രമം. നിക്ഷേപത്തുകയുടെ 100 ശതമാനവും കേരളത്തിൽത്തന്നെ വായ്പാവിതരണം നടത്തുന്ന സ്ഥാപനമായ കെഎസ്എഫ്ഇ റിസർവ് ബാങ്കിന്റെയും കേന്ദ്ര-സംസ്ഥാന ധനവകുപ്പുകളുടെയും ചട്ടങ്ങളും നിയമങ്ങളും നിയന്ത്രണങ്ങളും പൂർണമായും അനുസരിച്ചാണ് ബിസിനസ് നടത്തുന്നത്. വസ്തുതകൾ ബോധ്യപ്പെടാതെ സ്ഥാപനത്തിനെതിരെ നടത്തിയ നിരുത്തരവാദപരമായ പ്രസ്താവന ആഭ്യന്തരമന്ത്രി പിൻവലിക്കണമെന്ന് കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) സംസ്ഥാന ജനറൽ സെക്രട്ടറി എസ് മുരളീകൃഷ്ണപിള്ള ആവശ്യപ്പെട്ടു.

Deshabhimani dt 30-5-2014